DESPATCHED On..8/12/21....

8/12/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **CP 524(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.12117/SIC-Gen4/2021**

സന്നിഹിതൻ

ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ഡിസംബർ 8

ശ്രീ. നൗഷാദ് കെ.,
സ്റ്റേറ്റ് പ്രസിഡന്റ്,
കേരള ആന്റി കറപ്ഷൻ & ഹ്യൂമറൈറ്റ്സ്
പ്രൊട്ടക്ഷൻ കൗൺസിൽ,
സ്നേഹ നഗർ 142, ഇരവിപുരം പി.ഒ.,
കൊല്ലം – 691 001.
} പരാതി ഹർജിക്കാരൻ

1. പി. എ ടു സെക്രട്ടറി,
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ,
കൊല്ലം.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സൂപ്രണ്ട്,
ആരോഗ്യ വിഭാഗം,
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ,
കൊല്ലം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 30.6.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 1.11.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.9.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 1.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 5.11.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 7.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീ. നൗഷാദ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, അനധികൃത നിർമ്മാണമാണെന്ന് നഗരസഭ തന്നെ വിവരാവകാശ നിയമ പ്രകാരം മറുപടി നൽകിയിട്ടുള്ള വാണിജ്യ കെട്ടിടത്തിന് ലൈസൻസ് നൽകിയിട്ടുണ്ടോ

എന്നറിയാൻ കൊടുത്ത വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി നൽകിയിട്ടില്ലെന്നും ആയതിനാൽ മറുപടി യഥാവിധി ലഭ്യമാക്കി മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ പിഴ ശിക്ഷ ചുമത്തണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, അയ്യപ്പാ ബാംഗിൾസ് എന്ന വാണിജ്യ കെട്ടിടത്തിന്റെ അനധികൃത നിർമ്മാണത്തെപ്പറ്റി വിവരാവകാശ അപേക്ഷ നൽകുകയും ടി അപേക്ഷയുടെ മറുപടിയിൽ അനധികൃത നിർമ്മാണമായതിനാൽ പൊളിച്ചു നീക്കുവാൻ നോട്ടീസ് നൽകിയതായി സൂചിപ്പിച്ചിട്ടുണ്ടായിരുന്നു എന്നും ടി ഷോപ്പിന് ലൈസൻസ് നൽകിയിട്ടില്ല എന്നാണ് അന്വേഷിച്ചപ്പോൾ അറിയുവാൻ സാധിച്ചതെന്നും ആരുടെയെങ്കിലും സ്വാധീനത്താൽ 2020-21-ലെ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകേണ്ടതാണെന്നും ടി ഷോപ്പിനെതിരെയും ഉടമസ്ഥനെതിരെയും എന്തു നടപടികളാണ് എടുത്തിട്ടുള്ളതെന്ന വിവരം ലഭ്യമാക്കണമെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, വിവരാവകാശ കമ്മീഷന്റെ 18.10.2021-ലെ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ 6.7.2021-ൽ ഓഫീസിൽ ലഭ്യമായിട്ടുള്ളതാണെന്നും അപേക്ഷയിൽ അനധികൃത നിർമ്മാണം സംബന്ധിച്ച വിഷയം പരാമർശിച്ചിരിക്കുന്നതിനാൽ 7.7.2021-ൽ ടി അപേക്ഷ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നൽകിയിട്ടുള്ളതുമാണെന്നും കമ്മീഷന്റെ കത്ത് ലഭ്യമായപ്പോൾ അപേക്ഷ പരിശോധിച്ച വേളയിലാണ് ഹർജിക്കാരൻ ലൈസൻസ് സംബന്ധിച്ച ചോദ്യം ചോദിച്ചിരുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടതെന്നും ആയത് യഥാസമയം ശ്രദ്ധയിൽപ്പെടാത്തത് മൂലം അപേക്ഷ ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമാക്കാൻ സാധിച്ചിട്ടില്ലാത്തതാണെന്നും കമ്മീഷന്റെ കത്ത് ശ്രദ്ധയിൽപ്പെട്ടയുടൻ ബന്ധപ്പെട്ട സെക്ഷനിൽ നൽകി അപേക്ഷകന് മറുപടി അയച്ചു കൊടുത്തിട്ടുണ്ടെന്നും ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നിന്നും ടിയാൻ വിവരങ്ങൾ ഒന്നും തന്നെ തേടിയിരുന്നില്ലെന്നും അപേക്ഷകൻ പൗരൻ എന്ന നിലയിലല്ല അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ഒരു സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് എന്ന നിലയിലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിക്കാതെയാണ് കമ്മീഷനെ സമീപിച്ചിട്ടുള്ളതെന്നുമാണ്.

4. 1.11.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, കമ്മീഷന്റെ 18.10.2021-ലെ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ അയ്യപ്പാ ബാംഗിൾസ് എന്ന പേരിൽ ഏഴ് സ്ഥാപനങ്ങൾക്ക് ടി ഓഫീസിൽ നിന്നും ലൈസൻസ്

അനുവദിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയവയുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നു എന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 6.7.2021-ന് എതിർകക്ഷി കാര്യാലയത്തിൽ ലഭിച്ച ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്ത് 7.7.2021-ന് തെറ്റായി ടൗൺ പ്ലാനിംഗ് വിഭാഗത്തിലേക്ക് നൽകുകയും കമ്മീഷനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള 18.10.2021-ലെ കത്ത് ലഭിക്കുന്നതുവരെ അവിടെ നിന്നും ടി അപേക്ഷയിൽ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ചെയ്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിൽ സമയബന്ധിതമായും വിവരാവകാശ നിയമം അനുശാസിക്കുന്ന വിധത്തിലും മറുപടി നൽകുന്നതിൽ വീഴ്ച വരുത്തി വിവരാവകാശ നിയമം 7(1) വകുപ്പിന് വിരുദ്ധമായി പ്രവർത്തിച്ച പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമം 20(1), (2) വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കമ്മീഷനെ ബോധ്യപ്പെടുത്താൻ ആവശ്യപ്പെട്ടുകൊണ്ട് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കമ്മീഷൻ സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്.

6. രണ്ടാം എതിർകക്ഷി 1.11.2021-ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് എല്ലാ സൗകര്യങ്ങളും എതിർകക്ഷികൾ അനുവദിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

bnk